പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1438 — 13/07/2016 ൽ മറുപടിക്ക്

## വൈപ്പിനിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അഭാവം

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വൈപ്പിനിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും അഭാവംമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | 31 കിടക്കകൾ അനുവദിച്ചിട്ടുള്ള വൈപ്പിൻ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജ്ജന്റെ 2 (രണ്ട്) തസ്തികകളും, അസിസ്റ്റന്റ് സർജ്ജന്റെ 3 (മൂന്ന്) തസ്തികകളുമടക്കം നിലവിൽ 5 (അഞ്ച്) തസ്തികകളാണുള്ളത്. കൂടാതെ എൻ.എച്ച്.എം വഴിയും ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ഇവിടെ ഒ.പി. ഐ.പി സേവനങ്ങൾ മുടക്കംകൂടാതെ നടന്നുവരുന്നുണ്ട്. ശരാശരി 10-15 രോഗികൾക്ക് ഐ.പി വിഭാഗത്തിൽ ചികിത്സ നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | മുനമ്പം, ഞാറക്കൽ ആശുപത്രികളിൽ നിന്നും വിവിധ തസ്തികകളിലുള്ള ആർക്കൊക്കെയാണ് വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മുനമ്പം ആശുപത്രിയിൽ നിന്ന് രണ്ട് നഴ്സിംഗ് അസിസ്റ്റന്റ്മാരെ ഏഴിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കും രണ്ട് സ്റ്റാഫ് നഴ്സുമാരെ നോർത്ത് പറവൂർ താലൂക്ക് ആശുപത്രിയിലേക്കും വർക്കിങ്ങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റിയിട്ടുണ്ട്. |
| (ഡി) | ഇത്തരം വർക്കിങ്ങ് അറേഞ്ച്മെന്റുകൾ റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഈ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വർക്കിങ്ങ് അറേഞ്ച്മെന്റ് തടസ്സമാകുന്നുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി എടുക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ